*Celebrating Extraordinary Missionary Month October 2019…*

**Wednesday, 16 October 2019**

Jn 10:1-15

Fr. Benny Tharakunnel CMI

ഈശോ തന്നെ തന്നെ ആടുകളുടെ ഇടയനും വാതിലുമായി അവതരിപ്പിക്കുന്ന സുവിശേഷ ഭാഗമാണ് ഇന്നത്തെ ചിന്താവിഷയം. എങ്ങനെയാണ് ഒരേ സമയം ഈശോ ഇടയനും വാതിലുമാകുക? സ്വയം ഇടയനും വാതിലുമായി അവതരിപ്പിക്കുന്നതിനു മുമ്പ് താൻ ആരെ പോലെയല്ല എന്നു ഈശോ പറയുന്നു. വാതിലിലൂടെ അല്ലാതെ കടക്കുന്നവർ കള്ളന്മാരും കവർച്ചക്കാരും ആടുകളുടെ കാര്യത്തിൽ താല്പര്യമില്ലാത്തവരു മാണെന്നു പറയുന്ന ഈശോ തന്റെ ആടുകളുമായുള്ള ബന്ധത്തിന്റെ ആഴം വ്യക്തമാക്കുകയാണ് ഈ ഉപമയിലൂടെ. ആടുകളെ അറിയുന്ന അവരെ പേരു ചൊല്ലി മനസ്സിലാക്കുവാൻ തക്ക ബന്ധം ആടുകളുമായി കാത്തുസുസൂക്ഷിക്കുന്ന, തന്റെ സുരക്ഷയെക്കാളുപരി ആടുകളുടെ സുരക്ഷയ്ക്ക് പ്രാധാന്യം കല്പിക്കുകയും അവയ്ക്കു വേണ്ടി ജീവൻ ത്യജിക്കാൻ പോലും തയ്യാറാകുകയും ചെയ്യുന്ന നല്ല ഇടയൻ. തങ്ങളുടെ ഇടയന് തങ്ങളുടെ കാര്യത്തിൽ താല്പര്യമുണ്ടെന്നും തങ്ങളുടെ ക്ഷേമവും നന്മയും മാത്രമാണ് ഇടയന്റെ ജീവിത ലക്ഷ്യമെന്നും മനസ്സസിലാക്കുന്ന ആടുകൾ ഇടയനെ ശ്രവിക്കുകയും അവൻ കാട്ടിക്കൊടുക്കുന്ന വഴിയിലൂടെ നടക്കുകയും സമൃദ്ധമായ മേച്ചിൽ പുറം കണ്ടെത്തുകയും ചെയ്യുന്നു.

മിഷൻ മാസം ആചരിക്കുന്ന അവസരത്തിൽ ഏതാനും ചിന്തകൾ ഈ വചനഭാഗം നമ്മുടെ മനതാരിൽ കൊണ്ടുവരുന്നു.

ഒന്നാമതായി നമ്മെ അറിയുന്ന നമ്മെ വഴിനടത്തുന്ന ഒരു നല്ല ഇടയൻ നമുക്കുണ്ട്. അവനിൽ ആശ്രയിച്ചു കൊണ്ട് നമ്മുടെ ജീവിത യാത്ര നയിക്കുക. വഴിയും സത്യവും ജീവനുമായ അവിടുന്ന് കത്തിത്തരുന്ന വഴിത്താരയിലൂടെ ഭയാശങ്കളില്ലാതെ ധൈര്യപൂർവം മുമ്പോട്ട് പോകുക. കാരണം, അവൻ നമ്മുടെ കൂടെയുണ്ട്. സങ്കീർത്തകൻ പറയുന്നത് പോലെ "കർത്താവ് എന്റെ ഇടയാനാണ്, എനിക്കൊന്നിനും മുട്ടുണ്ടാവുകയില്ല."

രണ്ടാമതായി, ഈശോ എങ്ങനെയാണോ ഒരു നല്ല ഇടയാനായിരിക്കുന്നത് അതുപോലെ നല്ല ഇടയന്മാരാകുവാൻ ഓരോ മിഷനറിയും കടപ്പെട്ടിരിക്കുന്നു എന്ന സന്ദേശവും ഈ വചനഭാഗം നമുക്കു നൽകുന്നു. എന്റെ ഇഷ്ടാനിഷ്ടങ്ങളല്ല മറിച്ചു ആടുകളുടെ നന്മയും ദൈവഹിതം നിറവേറ്റുവാനുള്ള തീഷ്ണതയുമായിരിക്കണം നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തെ മുമ്പോട്ട് നയിക്കുന്ന അടിസ്ഥാന ചിന്തയെന്നും ഈ വചനഭാഗം നമ്മെ പഠിപ്പിക്കുന്നു.

നല്ല ഇടയനായ ഈശോയിൽ ആശ്രയിച്ചും അവിടുത്തെ മാതൃക പിഞ്ചെന്നും നല്ല ഇടയന്മാരും നല്ല ആടുകളുമായി തീരുന്നതിനുള്ള കൃപക്ക് വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

*Published by*
CMI General Department of Evangelization and Pastoral Ministry